"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - കൊല്ലം, കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ്-ൽ എച്ച്.എസ്.ടി (സംസ്കൃതം) ആയിരുന്ന ശ്രീമതി സജിത പി.സി - യുടെ എച്ച്.എസ്.ടി. (സംസ്കൃതം) തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിനായി സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.10113/2025/GEDN തീയതി,തിരുവനന്തപുരം, 08-12-2025

---

പരാമർശം:-

1. കൊല്ലം കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ്-ൽ എച്ച്.എസ്.ടി.(സംസ്കൃതം) ആയിരുന്ന ശ്രീമതി സജിത പി.സി - ടെ 17/10/2024 തീയതിയിലെ പുന പരിശോധനാ ഹർജി.
2. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03-01-2025 തീയതിയിലെ ഡി.ഇ.ഒ.കെ.എൽ.എം/2362/2024-ബി 4.
3. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 04-01-2025 തീയതിയിലെ ഡിഡി.ഇ/ബി 3/4480/24.
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 09-01-2025 തീയതിയിലെ ഇ.റ്റി.1/25622/2024/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ്-ൽ എച്ച്.എസ്.ടി.(സംസ്കൃതം) ആയിരുന്ന (നിലവിൽ ജൂനിയർ ലാംഗ്വേജ് ടീച്ചർ (പാർട്ട് ടൈം) സംസ്കൃതം ജി.യു.പി.എസ്., പടിഞ്ഞാറ്റിൻകര, കൊല്ലം) ശ്രീമതി സജിത പി.സി 17.10.2024 തീയതിയായി സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം 09.01.2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി. ഹർജിക്കാരിയുടെ 01.06.2016 മുതൽ 31.12.2016 വരെയുള്ള എച്ച്.എസ്.ടി.(സംസ്കൃതം) നിയമനം ശമ്പളസ്കെയിലിൽ അംഗീകരിക്കുന്നതിനും ടി കാലയളവിലെ ശമ്പളവും ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനും ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

2. ഹർജിക്കാരിയുടെ വാദങ്ങൾ ചുവടെ കൊടുക്കുന്നു :

(i) ടി സ്കൂളിലെ എച്ച്.എസ്.ടി.(സംസ്കൃതം) ശ്രീമതി ജാനമ്മ കെ. 31.03.2015-ൽ റിട്ടയർ ചെയ്ത ഒഴിവിൽ ഹർജിക്കാരിയെ 01.06.2016 മുതൽ നിയമിച്ചുവെങ്കിലും, ടി സ്കൂൾ പുതുതായി ആരംഭിച്ച സ്കൂൾ ആയതിനാൽ സംരക്ഷിത അധ്യാപകരെ നിയമിച്ചിട്ടില്ല എന്ന കാരണത്താൽ ടിയാളുടെ നിയമനം നിരസിക്കപ്പെട്ടു.

(ii) തുടർന്ന്, 02.05.2018 മുതൽ പ്രൊമോഷൻ വഴി നിലവിൽ വന്നതും, ശ്രീ ബി. ബിസാർ നിയമനാംഗീകാരമില്ലാതെ തുടർന്നുവന്നിരുന്നതുമായ എഫ്.ടി.എം. ഒഴിവ് സംരക്ഷിത എഫ്.ടി.എം.നെ നിയമിക്കുവാനായി മാനേജർ വിട്ടുനൽകുകയും ടി ഒഴിവിൽ ശ്രീ. കെ. ഷണ്മുഖദാസ് എന്ന സംരക്ഷിത എഫ്.ടി.എം.നെ നിയമിക്കുകയും ചെയ്തുവെങ്കിലും, ശ്രീ ഷണ്മുഖദാസ് ജോലിയിൽ പ്രവേശിക്കാത്തതിനാൽ ശ്രീ.വൈ.നിസാറുദ്ദീൻ എന്ന എഫ്.ടി.എം.നെ നിയമിച്ചുവെങ്കിലും ടിയാളും ജോലിയിൽ പ്രവേശിച്ചില്ല.

(iii) ടി നടപടികൾക്കെതിരെ ശ്രീ ബിസാർ WP(C)23163/2019 ഫയൽ ചെയ്യുകയും ടി കേസിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 15.08.2020-ലെ G.O.(Rt)No. 2425/2020/GEDN പ്രകാരം ടിയാന്റെ ഹർജി നിരസിക്കുകയും ചെയ്തിരുന്നു. ടി സർക്കാർ ഉത്തരവിനെതിരെ ടിയാൻ WP(C)18059/2020 ഫയൽ ചെയ്യുകയും ടി കേസിന്റെയും ശ്രീമതി നിഖിത ബി., ശ്രീമതി അഷിത ജി.ജെ., ശ്രീ. അനന്ദുകൃഷ്ണ എന്നിവർ ഫയൽ ചെയ്ത WP(C)25973/2020-ന്റെയും 19.03.2021 തീയതിയിലെ പൊതുവിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീ ബിസാറിനെ എഫ്.ടി.എം. ആയി കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ സർവീസിൽ തിരിച്ചെടുക്കുകയും 02.05.2018 മുതൽ 05.02.2021 വരെ നോഷണലായും 06.02.2021 മുതൽ ശമ്പളസ്കെയിലിലും അംഗീകാരം നൽകുകയും ചെയ്തു. ഇതിനെതിരെ ടിയാൻ വീണ്ടും WP(C)4279/2023 ഫയൽ ചെയ്യുകയും 08.02.2023-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച G.O.(Rt)No.1626/2024/പൊ.വി.വ. തീയതി 02.08.2024 പ്രകാരം ശ്രീ. ബി.ബിസാറിന് നിയമനത്തീയതിയായ 02.05.2018 മുതൽ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. സമാനരീതിയിൽ ശ്രീമതി നിഖിത ബി.യുടെ എച്ച്.എസ്.ടി.(തയ്യൽ) നിയമനം 01.06.2017 മുതൽ നൽകുന്നതിന് G.O.(Rt)No.4645/2024/പൊ.വി.വ. തീയതി 26.07.2024 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

iv) തുടർന്ന്, 2018-19 വർഷം അനുവദിച്ച ഒരു എച്ച്.എസ്.ടി. (മലയാളം) അധികതസ്തിക കെ.ഇ.ആർ. അധ്യായം XXI 7(3)എ പ്രകാരം സംരക്ഷിത അധ്യാപക നിയമനത്തിനായി മാനേജർ വിട്ടു നൽകി.

(v) ശ്രീമതി സജിത പി.സി.യുടെ നിയമനം 01.06.2016 മുതൽ ശമ്പളസ്കെയിലിൽ അംഗീകരിക്കുന്നതിന് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ 06.08.2021-ലെ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും 09.09.2021-ലെ ഉത്തരവ് പ്രകാരം നോഷണൽ ആയി അംഗീകരിച്ച് ഉത്തരവായിരുന്നു.

(vi) ശ്രീ. ബിസാറിനും ശ്രീമതി നിഖിതയ്ക്കും നിയമനത്തീയതി മുതൽ ശമ്പളവും ആനുകൂല്യങ്ങളും അനുവദിച്ചിട്ടുള്ളത് പരിഗണിച്ച് ഹർജിക്കാരിയുടെ നിയമനം 01.06.2016 മുതൽ 31.12.2018 വരെ ശമ്പളസ്കെയിലിൽ അംഗീകരിച്ച് ആനുകൂല്യങ്ങൾ നൽകണമെന്ന് ഹർജിക്കാരി ആവശ്യപ്പെടുന്നു.

(vii) ഹർജിക്കാരിക്ക് പി.എസ്.സി. മുഖേന കൊട്ടാരക്കര പടിഞ്ഞാറ്റിൻകര ഗവൺമെൻറ് യുപിഎസ്.ൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് (സംസ്കൃതം) ആയി നിയമനം ലഭിച്ചതിനാൽ കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ്.ൽ നിന്നും 31.12.2018-ൽ വിടുതൽ ചെയ്തു.

3. പൊതുവിദ്യാഭ്യാസ ഡയറക്ടർ താഴപ്പറയും പ്രകാരം വാദിച്ചു :

KER അദ്ധ്യായം XXI ചട്ടം 7(3) എ പ്രകാരം സംരക്ഷിത അധ്യാപകനെ നിയമിക്കുന്നതിന് എച്ച്.എസ്.ടി.(മലയാളം) അധിക തസ്തിക മാനേജർ വിട്ടു നൽകിയിട്ടുള്ളത് കണക്കിലെടുത്ത് ശ്രീ. ബി. ബിസാറിന് എഫ്.ടി.എം. ആയും ശ്രീമതി നിഖിത ബി.ക്ക് എച്ച്.എസ്.ടി. (തമിഴ്) ആയും നിയമനത്തീയതി മുതൽ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടെന്നും, ശ്രീമതി സജിത പി.സി.ക്കും നിയമനത്തീയതി മുതൽ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്ന കാര്യം സർക്കാർതലത്തിൽ പരിഗണിക്കാവുന്നതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

4. സർക്കാർ ഈ വിഷയം ഹിയറിങ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(3) (എ) പ്രകാരം കൊല്ലം കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്സ്.എസ്സ് - ൽ സംരക്ഷിത അദ്ധ്യാപകനെ നിയമിക്കുന്നതിന് എച്ച്.എസ്.റ്റി (മലയാളം) അധിക തസ്തിക മാനേജർ വിട്ടു നൽകിയിട്ടുള്ളതിനാലും, ശ്രീ.ബി ബിസാറിനും ശ്രീമതി നിഖിത.ബി യ്ക്കും നിയമന തീയതി മുതൽ നിയമനാംഗീകാരവും ശമ്പളവും നൽകുന്നതിന് അനുമതി നൽകിയിട്ടുള്ളതിനാലും, ശ്രീമതി സജിത പി.സി യുടെ 01.06.2016 മുതൽ 31.12.2018 വരെയുള്ള എച്ച്.എസ്.ടി.(സംസ്കൃതം) തസ്തികയിലെ നിയമനം മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമെങ്കിൽ ശമ്പളത്തോടുകൂടി അംഗീകരിക്കുന്നതിന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ - ക്ക് നിർദ്ദേശം നൽകി അപ്രകാരം കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്സ്.എസ്സ്.ലെ എച്ച്.എസ്.റ്റി (സംസ്കൃതം) ശ്രീമതി സജിത പി.സി സമർപ്പിച്ച ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ). കേരള, തിരുവനന്തപുരം
ശ്രീമതി. സജിത.പി.സി, എച്ച്.എസ്.ടി (സംസ്കൃതം), എം.കെ.എൽ.എം.എച്ച്.എസ്.എസ്, കണ്ണനല്ലൂർ, കൊല്ലം.
മാനേജർ, എം.കെ.എൽ.എം.എച്ച്.എസ്.എസ്, കണ്ണനല്ലൂർ, കൊല്ലം.
പൊതു വിദ്യാഭ്യാസ (ജെ.എ) വകുപ്പ്(GE-JA3/309/2025-G.EDN dated : 23/09/2025)
വെബ് & ന്യൂ മീഡിയ, ഐ & പി ആർ വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 08-12-2025 17:38:15

സെക്ഷൻ ഓഫീസർ